# എനർജി മാനേജ്മെന്റ് സെന്ററിൽ കാർബൺ ക്രെഡിറ്റ് ഫെസിലിറ്റേഷൻ സെന്റർ



**ഇ എം സി തയ്യാറാക്കിയ ഊർജ്ജ സംരക്ഷണം ജീവസംരക്ഷണം' എന്ന ഇ-പുസ്തകം കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്യുന്നു.**

തിരുവനന്തപുരം: എനർജി മാനേജ്മെന്റ് സെന്ററിൽ കാർബൺ ക്രെഡിറ്റ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. ലോക പരിസ്ഥിതി ദിനത്തിലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം വന്നത്. കാർബൺ ന്യൂട്രാലിറ്റി പ്രോജക്റ്റുകൾ നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്ക് കാർബൺ ക്രെഡിറ്റ് നേടുന്നതിനുള്ള സഹായം നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കാർബൺ ക്രെഡിറ്റ് മാർക്കറ്റിംഗിൽ വൈദഗ്ധ്യമുള്ള ആറ് കൺസൾട്ടൻസി സ്ഥാപനങ്ങളെ ഇതിനായി ഇ. എം. സി. എംപാനൽ ചെയ്തിട്ടുണ്ട്. ഡി മിസ്റ്റിഫൈയിംഗ് കാർബൺ ക്രെഡിറ്റ് എന്ന ശില്പശാലയുടെയും 'ഉണർവ്' പരിപാടിയുടെ മൂന്നാം പതിപ്പിന്റെയും ഓൺലൈൻ ഉദ്ഘാടന വേളയിലാണ് ഈ പ്രഖ്യാപനം നടത്തിയത്. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടിയാണ് ഉദ്ഘാടനം നിർവഹിച്ചത്. കാർബൺ എമിഷൻ കുറയ്ക്കുന്നതിനും വരുമാനം നേടുന്നതിനും കാർബൺ ക്രെഡിറ്റ് സംവിധാനം സഹായിക്കുമെന്ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത്കുമാർ ഐഎഎസ് മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളം മുന്നിലാണെന്നും അദ്ദേഹം എടുത്തുപറഞ്ഞു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രകൃതി ദുരന്തങ്ങൾ ഏറെ അനുഭവിച്ച കേരളം കാർബൺ എമിഷൻ കുറയ്ക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതുണ്ടെന്ന് ഓർമ്മിപ്പിച്ചു. ഊർജ്ജ സംരക്ഷണ നിയമഭേദഗതിയിലൂടെ രാജ്യത്ത് നടപ്പിൽ വരുന്ന സ്വന്തം കാർബൺ ക്രെഡിറ്റ് മാർക്കറ്റിംഗ് സിസ്റ്റം സുസ്ഥിര വികസന പദ്ധതികൾക്ക് കൂടുതൽ സഹായകമാകുമെന്നും അദ്ദേഹം പ്രത്യാശിച്ചു. കാർബൺ ന്യൂട്രാലിറ്റി പ്രോജക്റ്റുകൾക്ക് സഹായം നൽകുന്നതിനായി ആറ് കൺസൾട്ടൻസി സ്ഥാപനങ്ങളെ എംപാനൽ ചെയ്തതിനെക്കുറിച്ച് ഇ. എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ വിശദീകരിച്ചു